**മധുരമായ കുട്ടികളേ, നിങ്ങൾ ബാബയുടെ കൈ പിടിച്ചിരിക്കുകയാണ്, നിങ്ങൾ ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും ബാബയെ ഓർമ്മിച്ചോർമ്മിച്ച് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായിത്തീരുന്നു.**

**ചോദ്യം–** നിങ്ങൾ കുട്ടികളുടെ ഉള്ളിൽ ഏതൊരു ഉല്ലാസമാണ് ഉണ്ടായിരിക്കേണ്ടത്? സിംഹാസനധാരിയാകുന്നതിനുള്ള വിധി എന്താണ് ?

**ഉത്തരം–** സദാ ഈ ഉല്ലാസമുണ്ടായിരിക്കണം, ജ്ഞാനസാഗരനായ ബാബ നമുക്ക് ദിവസേന ജ്ഞാനരത്നങ്ങളുടെ സഞ്ചി നിറച്ചുനൽകുന്നു. എത്രത്തോളം യോഗത്തിലിരിക്കുന്നുവോ അത്രത്തോളം ബുദ്ധി സ്വർണ്ണസമാനമായിത്തീരും. ഈ അവിനാശി ജ്ഞാനരത്നങ്ങൾ മാത്രമാണ് നമ്മൾ കൂടെ കൊണ്ടുപോകുന്നത്. സിംഹാസനധാരിയായി മാറണമെങ്കിൽ മാതാപിതാവിനെ പൂർണ്ണമായും ഫോളോ ചെയ്യണം. ബാബയുടെ ശ്രീമതപ്രകാരം ജീവിക്കണം, മറ്റുള്ളവരെയും തനിക്ക് സമാനമാക്കി മാറ്റണം.

**ഓം ശാന്തി**. ആത്മീയകുട്ടികൾ ഈ സമയത്ത് എവിടെയാണ് ഇരിക്കുന്നത് ? അപ്പോൾ പറയും, ആത്മീയ അച്ഛന്റെ സർവ്വകലാശാലയിൽ അഥവാ പാഠശാലയിലാണ് ഇരിക്കുന്നത്. ബുദ്ധിയിലുണ്ടായിരിക്കണം നമ്മൾ ആത്മീയ അച്ഛന്റെ മുന്നിലാണ് ഇരിക്കുന്നത്. ബാബ നമുക്ക് സൃഷ്ടിയുടെ ആദിമധ്യഅന്ത്യത്തിന്റെ രഹസ്യവും ഭാരതത്തിന്റെ ഉദ്ധാരണവും, അധ:പതനവും എങ്ങിനെ ഉണ്ടാകുന്നുവെന്നും മനസ്സിലാക്കിത്തരുന്നു. പാവനമായിരുന്ന ഭാരതം ഇപ്പോൾ പതിതമായിരിക്കുന്നു. ഭാരതം ആദ്യം കിരീടധാരിയായിരുന്നു. പിന്നീട് ആരാണ് ഭാരതത്തിനുമേൽ വിജയം പ്രാപിച്ചത്? രാവണൻ. രാജപദവി നഷ്ടപ്പെട്ടുവെങ്കിൽ അധ:പതനം സംഭവിച്ചില്ലേ. ആരെയും രാജാവ് എന്നു പറയില്ല. അഥവാ രാജാവ് ഉണ്ടെങ്കിൽപ്പോലും അവരും പതിതമായിരിക്കും. ഈ ഭാരതത്തിൽ തന്നെയാണ് സൂര്യവംശി മഹാരാജാ–റാണിമാർ ഉണ്ടായിരുന്നത്. സൂര്യവംശി മഹാരാജാക്കന്മാരും, ചന്ദ്രവംശിമഹാരാജാക്കന്മാരും ഭാരതത്തിൽ ഉണ്ടായിരുന്നു. ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്, ലോകത്തിൽ മറ്റാർക്കും തന്നെ ഈ കാര്യങ്ങളെക്കുറിച്ച് അറിയില്ല. നമ്മുടെ ആത്മീയ അച്ഛൻ നമ്മളെ പഠിപ്പിക്കുന്നു എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. നമ്മൾ ആത്മീയപിതാവിന്റെ കൈ പിടിച്ചിരിക്കുകയാണ്. ഗൃഹസ്ഥവ്യവഹാര ത്തിലാണ് ഇരിക്കുന്നതെങ്കിലും ബുദ്ധിയിലുണ്ടായിരിക്കണം നമ്മളിപ്പോൾ സംഗമയുഗത്തിലാണ് നിൽക്കുന്നത്. പതിതലോകത്തുനിന്നും നമ്മൾ പാവനലോകത്തിലേക്ക് പോവുകയാണ്. കലിയുഗത്തെ പതിതയുഗം എന്നും സത്യയുഗത്തെ പാവനയുഗം എന്നും പറയുന്നു. പതിതമനുഷ്യർ പാവനമനുഷ്യരുടെ മുന്നിൽ പോയി നമസ്കരിക്കുന്നു. പാവനമനുഷ്യർ ഭാരതത്തിൽതന്നെ വസിച്ചിരുന്നവരായിരുന്നു പക്ഷേ അവരിൽ ദൈവീകഗുണങ്ങളുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു, നമ്മളും ബാബയിലൂടെ ഇവർക്ക് സമാനം ദൈവീകഗുണങ്ങൾ ധാരണ ചെയ്തുകൊണ്ടിരിക്കുകയാണ്. സത്യയുഗത്തിൽ പുരുഷാർത്ഥമില്ല. അവിടെ പ്രാപ്തി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ പുരുഷാർത്ഥം ചെയ്ത് ദൈവീകഗുണങ്ങൾ ധാരണ ചെയ്യണം. സദാ അവനവനെ പരിശോധിക്കണം– നമ്മൾ എത്രത്തോളം ബാബയെ ഓർമ്മിച്ച് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായിത്തീരുന്നു. ബാബ സദാ സതോപ്രധാനം തന്നെയാണ്. ഇപ്പോൾ ലോകം പതിതമാണ് ഭാരതവും പതിതമാണ്. പാവനലോകത്തിൽ പാവനഭാരതമായിരുന്നു. നിങ്ങൾ പ്രദർശിനി വയ്ക്കുമ്പോൾ ഭിന്ന–ഭിന്ന പ്രകാരത്തിലുള്ള മനുഷ്യർ വരുന്നു. ചിലർ പറയാറുണ്ട് ഭോജനം അത്യാവശ്യമായതുപോലെ ഈ വികാരങ്ങളും ഒരു ഭോജനമാണ്, ഇത് ഇല്ലെങ്കിൽ മരിച്ചുപോകും. പക്ഷേ അങ്ങനെ ഒരു കാര്യമേ ഇല്ല. സന്യാസിമാർ പവിത്രമായിരിക്കുന്നുണ്ട്,എന്നിട്ട് മരണപ്പെടുന്നുണ്ടോ! ഇങ്ങനെയെല്ലാം സംസാരിക്കുന്ന മനുഷ്യരെക്കുറിച്ച് മനസ്സിലാക്കണം ഇവർ അജാമിളനെപ്പോലെ യുള്ള പാപികളാണ്. വികാരങ്ങൾ ഇല്ലെങ്കിൽ മരിക്കും എന്നു പറയുന്നുവെങ്കിൽ, ഇതിനെ ഭോജനവുമായി താരതമ്യപ്പെടുത്തുന്നുവെങ്കിൽ ഇങ്ങനെ പറയുന്നവർ അജാമിളൻ തന്നെയാണ്. സ്വർഗ്ഗത്തിൽ വരുന്നവർ സതോപ്രധാനമായിത്തീരുന്നു. പിന്നീട് സതോ, രജോ, തമോ അവസ്ഥയിലേക്ക് ഇറങ്ങി വരണം. ആരെല്ലാമാണോ അവസാനം വരുന്നവർ, അവർക്ക് നിർവ്വികാരീലോകമായ സ്വർഗ്ഗത്തെ കാണാൻ തന്നെ സാധിക്കില്ല. അങ്ങനെയുള്ള ആത്മാക്കളാണ് ഞങ്ങൾക്ക് വികാരങ്ങൾ ഇല്ലാതിരിക്കാൻ കഴിയില്ല എന്നു പറയുന്നത്. ആരെല്ലാമാണോ സൂര്യവംശികൾ അവരുടെ ബുദ്ധിയിലേക്ക് ഉടൻ തന്നെ വരുന്നു– ഈ ജ്ഞാനം വളരെ സത്യമാണ്. സ്വർഗ്ഗത്തിൽ വികാരത്തിന്റെ പേരോ അടയാളമോ ഉണ്ടാകില്ല. ഭിന്ന–ഭിന്ന പ്രകാരത്തിലുള്ള മനുഷ്യർ ഭിന്ന–ഭിന്ന പ്രകാരത്തിലുള്ള കാര്യങ്ങൾ പറയുന്നു. ആരെല്ലാമാണ് പുഷ്പങ്ങളായി മാറുന്നതെന്ന് നിങ്ങൾക്കറിയാം. ചിലർ മുള്ളുകളായിത്തന്നെ ഇരിക്കുന്നു. സ്വർഗ്ഗത്തിന്റെ പേരാണ് പുഷ്പങ്ങളുടെ പൂന്തോട്ടം. കലിയുഗം മുൾക്കാടാണ്. അനേക പ്രകാരത്തിലുള്ള മുള്ളുകൾ

ഉണ്ട്. നമ്മളിപ്പോൾ പുഷ്പങ്ങളായി മാറിക്കൊണ്ടിരിക്കുന്നുവെന്ന് നിങ്ങൾക്കറിയാം. ഈ ലക്ഷ്മീനാരായണൻ റോസാപുഷ്പമാണ്. ഇതിനെ പുഷ്പങ്ങളുടെ രാജാവ് എന്നു പറയും. ദൈവീക പുഷ്പങ്ങളുടെയും രാജ്യമുണ്ട്. തീർച്ചയായും അവർ ആ രീതിയിലുള്ള പുരുഷാർത്ഥം ചെയ്തതുകൊണ്ടായിരിക്കും, പഠിപ്പിലൂടെയാണ് ഇങ്ങനെയായിത്തീരുന്നത്.

നിങ്ങൾക്കറിയാം, ഇപ്പോൾ നമ്മൾ ഈശ്വരീയ കുടുംബത്തിലേതായിരിക്കുകയാണ്. ആദ്യം ഈശ്വരനെക്കുറിച്ച് അറിയില്ലായിരുന്നു. ബാബ വന്നിട്ടാണ് ഈ കുടുംബത്തെ ഉണ്ടാക്കിയത്. അച്ഛൻ ആദ്യം പത്നിയെ ദത്തെടുക്കുന്നു. പിന്നീട് അവരിലൂടെ കുട്ടികൾക്ക് ജന്മം നൽകുന്നു. ബാബ ബ്രഹ്മാവിനെ ദത്തെടുത്തു. പിന്നീട് അവരിലൂടെ കുട്ടികളെ രചിച്ചു. ഇവരെല്ലാവരും ബ്രഹ്മാകുമാർ–കുമാരിമാരല്ലേ. ഇത് പ്രവൃത്തി മാർഗ്ഗത്തിലുള്ള ബന്ധമാണ്. സന്യാസിമാരുടേത് നിവൃത്തീമാർഗ്ഗമാണ്. അവർ മമ്മ–ബാബ എന്നൊന്നും പറയില്ല. ഇവിടെ മമ്മ–ബാബ എന്നു പറയുന്നു. മറ്റെല്ലാ സത്സംഗങ്ങളും നിവൃത്തീ മാർഗ്ഗത്തിലുള്ളതാണ്. ഈ ഒരേയൊരു ബാബയെയാണ് നിങ്ങൾ മാതാ–പിതാ എന്നു പറഞ്ഞു വിളിക്കുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു, ഭാരതത്തിൽ ആദ്യം പവിത്ര പ്രവൃത്തീമാർഗ്ഗമായിരുന്നു. ഇപ്പോൾ അത് അപവിത്രമായിരിക്കുന്നു. ഞാൻ വീണ്ടും വന്ന് പവിത്ര പ്രവൃത്തീമാർഗ്ഗം സ്ഥാപിക്കുകയാണ്. നിങ്ങൾക്കറിയാം നമ്മുടെ ധർമ്മം വളരെ സുഖം നൽകുന്നതാണ്. പിന്നെന്തിന് നമ്മൾ പഴയ ധർമ്മത്തിലുള്ളവരുമായി കൂട്ടുകൂടണം. നിങ്ങൾ സ്വർഗ്ഗത്തിൽ എത്ര സുഖികളായാണ് ജീവിച്ചിരുന്നത്. വജ്ര–വൈഢൂര്യങ്ങളുടെ കൊട്ടാരമുണ്ടായിരുന്നു. ഇവിടെ അമേരിക്കയിലും, റഷ്യയിലും ധനവാന്മാരുണ്ടെങ്കിലും സ്വർഗ്ഗത്തിലേതുപോലുള്ള സുഖം അവിടെയുണ്ടാകില്ല. സ്വർണ്ണത്തിന്റെ ഇഷ്ടികകൾ കൊണ്ടുള്ള കൊട്ടാരങ്ങൾ ഇവിടെ ആർക്കും തന്നെ ഉണ്ടാക്കാൻ സാധിക്കില്ല. സത്യയുഗത്തിലാണ് സ്വർണ്ണക്കൊട്ടാരങ്ങൾ ഉണ്ടാവുക. ഇവിടെ എവിടെ നിന്നും സ്വർണ്ണം കിട്ടാനാണ്. അവിടെ എല്ലാ സ്ഥലങ്ങളിലും വജ്രവൈഢൂര്യങ്ങൾ പതിച്ചിട്ടുണ്ടാവും. ഇവിടെ വജ്രങ്ങൾക്ക് എത്ര വിലയാണുള്ളത്. അവസാനം ഇതെല്ലാം മണ്ണിലേക്ക് ലയിക്കും. ബാബ മനസ്സിലാക്കിത്തരുന്നു പുതിയ ലോകത്തിൽ വീണ്ടും എല്ലാ ഖനികളും നിറഞ്ഞിരിക്കും. ഇപ്പോൾ അതെല്ലാം കാലിയായിരിക്കുകയാണ്. പുരാണത്തിൽ ഇങ്ങനെ പറയുന്നുണ്ട് സാഗരം വജ്ര–വൈഢൂര്യങ്ങളുടെ സഞ്ചി വിതരണം ചെയ്തു. സത്യയുഗത്തിൽ നിങ്ങൾക്ക് വജ്രവൈഢൂര്യങ്ങളെല്ലാം ധാരാളം ലഭിക്കുന്നു. സാഗരത്തെപ്പോലും ദേവതയുടെ രൂപമാണെന്ന് മനസ്സിലാക്കുന്നു. ബാബയെയാണ് ജ്ഞാനസാഗരൻ എന്നു പറയുന്നത്. നിങ്ങൾക്കറിയാം, സദാ ഈ ഉല്ലാസമുണ്ടായിരിക്കണം ജ്ഞാനസാഗരനായ ബാബ നമുക്ക് ദിവസേന ജ്ഞാനരത്നങ്ങളും, വൈഢൂര്യങ്ങളും സഞ്ചി നിറച്ചു നൽകുന്നു. ബാക്കി വെള്ളത്തിന്റെ സാഗരം വേറെയാണ്. ബാബ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനരത്നങ്ങൾ നൽകുന്നു, അത് നിങ്ങൾ ബുദ്ധിയിൽ നിറയ്ക്കുന്നു. എത്രത്തോളം യോഗത്തിൽ ഇരിക്കുന്നോ ബുദ്ധി സ്വർണ്ണത്തിനു സമാനമായിത്തീരും. ഈ അവിനാശീ ജ്ഞാനരത്നങ്ങൾ തന്നെയാണ് നിങ്ങൾ കൂടെ കൊണ്ടുപോകുന്നത്. ബാബയുടെ ഓർമ്മയും, ജ്ഞാനവുമാണ് മുഖ്യം. നിങ്ങൾ കുട്ടികളുടെ ഉള്ളിൽ വളരെയധികം ഉല്ലാസമുണ്ടായിരിക്കണം. ബാബയും ഗുപ്തമാണ് ,നിങ്ങളും ഗുപ്ത സൈനികരാണ്. അഹിംസകരായ അജ്ഞാതസൈന്യമെന്ന് പറയില്ലേ, ചിലർ വളരെ ശക്തിശാലികളായ യോദ്ധാക്കളായിരിക്കും. പക്ഷെ പേരോ,അടയാളമോ ആരും അറിയില്ല. ഗവൺമെന്റിന്റെ പക്കൽ ഓരോരുത്തരുടെയും പേരും, അടയാളവും പൂർണ്ണമായും ഉണ്ടാകും. അജ്ഞാത സൈന്യം, അഹിംസകർ എന്നതെല്ലാം നിങ്ങളുടെ പേരുകളാണ്. ഏറ്റവും ആദ്യത്തെ ഹിംസയാണ് വികാരത്തിലേക്ക് പോകുക. ഇതാണ് നിങ്ങൾക്ക് ആദിമധ്യാന്തം ദുഃഖം നൽകുന്നത്. അതുകൊണ്ടാണ് പറയുന്നത് – അല്ലയോ പതിതപാവനാ, ഞങ്ങൾ പതിതരെ വന്ന് പാവനമാക്കൂ.... പാവനലോകത്തിൽ ഒരാളെപ്പോലും പതിതർ എന്നു പറയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം, നമ്മൾ ഭഗവാന്റെ കുട്ടികളായി മാറിയിരിക്കുകയാണ്, ബാബയിൽ നിന്നും സമ്പത്ത് നേടുകയാണ്, പക്ഷേ മായയും ഒട്ടും കുറവല്ല. മായയുടെ ഒറ്റ പ്രഹരം കൊണ്ടു തന്നെ അഴുക്കുചാലിലേക്ക് വീഴുന്നു. ആരെല്ലാമാണോ വികാരത്തിലേക്ക് വീഴുന്നത് അവരുടെ ബുദ്ധി നശിച്ചുപോകുന്നു. ബാബ വളരെ നല്ല രീതിയിൽ മനസ്സിലാക്കിത്തന്നിട്ടുണ്ട് – ദേഹധാരികളോട് ഒരിക്കലും പരസ്പരം പ്രീതി വയ്ക്കരുത്. നിങ്ങൾ ഒരേയൊരു ബാബയോട് പ്രീതി വെക്കണം. മറ്റൊരു ദേഹധാരിയേയും സ്നേഹിക്കരുത്, പ്രേമിക്കരുത്. പ്രേമം ഒരേയൊരു വിചിത്രനായ, ദേഹമില്ലാത്ത ബാബയോട് വെക്കണം. പക്ഷേ ബാബ എത്ര തന്നെ മനസ്സിലാക്കിത്തന്നാലും ആരും മനസ്സിലാക്കുന്നില്ല. ഭാഗ്യത്തിലില്ലെങ്കിൽ പരസ്പരം മറ്റുള്ളവരുടെ ദേഹത്തിൽ കുടുങ്ങിപ്പോകുന്നു. ബാബ നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നുണ്ട് നിങ്ങൾ ഓരോരുത്തരും ആത്മാക്കളാണ്. ആത്മാവിന്റെയും പരമാത്മാവിന്റെയും രൂപം ഒരുപോലെയാണ്. ആത്മാവ് ഒരിക്കലും ചെറുതും വലുതുമാകുന്നില്ല. ആത്മാവ് അവിനാശിയാണ്. ഓരോരുത്തരുടെയും പാർട്ട് ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. ഇപ്പോൾ ഈ ലോകത്ത് എത്ര മനുഷ്യരാണ്, പിന്നീട് വെറും ഒൻപതോ – പത്തോ ലക്ഷങ്ങളേ ഉണ്ടാകൂ. സത്യയുഗത്തിൽ എത്ര ചെറിയ വൃക്ഷമായിരിക്കും. പ്രളയം ഒരിക്കലും ഉണ്ടാകുന്നില്ല. നിങ്ങൾക്കറിയാം, ഏതെല്ലാം മനുഷ്യരുണ്ടോ ആ

ആത്മാക്കളെല്ലാം മൂലവതനത്തിലാണ് വസിക്കുന്നത്. മൂലവതനത്തിൽ നിരാകാരീ ആത്മാക്കളുടെ വൃക്ഷമുണ്ട്. സാധാരണ വിത്ത് വിതക്കുമ്പോൾ അതിൽ നിന്നും മുഴുവൻ വൃക്ഷവും ഉണ്ടാകുന്നു. ആദ്യമാദ്യം രണ്ട് ഇലകളായിരിക്കും. ഇത് പരിധിയില്ലാത്ത വൃക്ഷമാണ്, സൃഷ്ടിചക്രത്തിന്റെ ചിത്രമുപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കാൻ വളരെ എളുപ്പമാണ്. ഇതിനെക്കുറിച്ചും ചിന്തിക്കണം. ഇപ്പോൾ കലിയുഗമാണ്. സത്യയുഗത്തിൽ ഒരേയൊരു ധർമ്മമായിരുന്നു. അപ്പോൾ വളരെക്കുറച്ചു മനുഷ്യരേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ എത്ര മനുഷ്യരാണ്, എത്ര ധർമ്മമാണ്. ആദ്യം ഇല്ലാതിരുന്നവരെല്ലാവരും പിന്നീട് എങ്ങോട്ടുപോകും? എല്ലാ ആത്മാക്കളും പരംധാമത്തിലേക്ക് പോകുന്നു. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ എല്ലാ ജ്ഞാനവുമുണ്ട്. എങ്ങനെയാണോ ബാബ ജ്ഞാനസാഗരൻ അതുപോലെ നിങ്ങളെയും ബാബയ്ക്കു സമാനമാക്കി മാറ്റുന്നു. നിങ്ങൾ പഠിച്ച് ഈ പദവി നേടുന്നു. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണെങ്കിൽ സ്വർഗ്ഗത്തിന്റെ സമ്പത്ത് ഭാരതവാസികൾക്കു തന്നെയാണ് ലഭിക്കുക. ബാക്കി എല്ലാവർക്കും വീട്ടിലേക്ക് പോകണം. ബാബ പറയുന്നു, ഞാൻ വന്നിരിക്കുന്നത് നിങ്ങൾ കുട്ടികളെ പഠിപ്പിക്കാനാണ്. എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രത്തോളം ഉയർന്ന പദവി ലഭിക്കും. എത്രത്തോളം ശ്രീമതം അനുസരിച്ച് മുന്നേറുന്നുവോ അത്രത്തോളം ശ്രേഷ്ഠമായിത്തീരും. മുഴുവൻ ആധാരവും പുരുഷാർത്ഥത്തിലാണ്. മമ്മ-ബാബയുടെ സിംഹാസനധാരിയായി തീരണമെങ്കിൽ പൂർണ്ണമായും മാതാവിനെയും, പിതാവിനെയും അനുകരിക്കണം. സിംഹാസനധാരിയായി മാറണമെങ്കിൽ അവരുടെ പെരുമാറ്റമനുസരിച്ച് മുന്നേറണം. മറ്റുള്ളവരെയും തനിക്ക് സമാനമാക്കി മാറ്റണം. ബാബ അനേക പ്രകാരത്തിലുള്ള യുക്തികൾ പറഞ്ഞു തരുന്നുണ്ട്. നിങ്ങൾക്ക് ഒരു ബാഡ്ജ് ഉപയോഗിച്ചു പോലും മറ്റുള്ളവർക്ക് നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ബാബ പറയുന്നു, പുരുഷോത്തമ മാസത്തിൽ ഭക്തർക്ക് ചിത്രങ്ങൾ സൗജന്യമായി നൽകൂ. ബാബ ഇതുപോലെ സമ്മാനങ്ങൾ നൽകാറുണ്ട്. അവരുടെ കൈയ്യിൽ പൈസ വരുമ്പോൾ അവർ മനസ്സിലാക്കുന്നു, ബാബ ചിലവ് ചെയ്ത് നൽകിയതാണ്. അതുകൊണ്ട് പെട്ടെന്നുതന്നെ പൈസ അയച്ചുകൊടുക്കണം. എല്ലാവരുടെയും വീട് ഇതുതന്നെയല്ലേ. ഈ ട്രാൻസ് ലൈറ്റ് ചിത്രങ്ങൾ വച്ച് പ്രദർശിനി ചെയ്യുകയാണെങ്കിൽ ധാരാളം പേർ കാണാൻ വരും. പുണ്യകർമ്മമല്ലേ. മനുഷ്യരെ മുള്ളിൽ നിന്നും പുഷ്പവും, പാപാത്മാവിൽനിന്നും പുണ്യാത്മാവുമാക്കി മാറ്റുന്നു. അതുകൊണ്ട് ഇങ്ങനെയുള്ള പ്രദർശിനികളെ തീവ്രഗതിയിലുള്ള സേവനങ്ങൾ എന്നു പറയുന്നു. പ്രദർശിനിയിൽ സ്റ്റാൾ ഇടുകയാണെങ്കിൽ ധാരാളം പേർ കാണാൻ വരുന്നു. ചിലവ് കുറയുന്നു. നിങ്ങൾ ഇങ്ങോട്ട് വരുന്നതുതന്നെ ബാബയിൽ നിന്നും സ്വർഗ്ഗത്തിലെ രാജ്യപദവി വാങ്ങാനാണ്, അപ്പോൾ സ്വർഗ്ഗീയ രാജ്യപദവി വാങ്ങുന്നതിനുവേണ്ടി മനുഷ്യർ പ്രദർശിനിയിലേക്കും വരുന്നു. ഇത് കടയാണല്ലോ.

ബാബ പറയുന്നു, ഈ ജ്ഞാനത്തിലൂടെ നിങ്ങൾക്ക് വളരെ സുഖം ലഭിക്കും. അതുകൊണ്ട് നല്ല രീതിയിൽ പഠിച്ച് പുരുഷാർത്ഥം ചെയ്ത് സമ്പൂർണ്ണ വിജയിയായിത്തീരണം. ബാബ തന്റെയും രചനയുടെ ആദി-മധ്യ-അന്ത്യത്തിന്റെയും പരിചയം നൽകുകയാണ്. മറ്റാർക്കും ഇത് നൽകാൻ സാധിക്കില്ല. ഇപ്പോൾ ബാബയിലൂടെ നിങ്ങൾ ത്രികാലദർശികളായി മാറുന്നു. ഞാൻ എന്താണോ, എങ്ങിനെയാണോ എന്ന്, എന്നെ യഥാർത്ഥ രീതിയിൽ മറ്റാർക്കും തന്നെ അറിയില്ല. നിങ്ങളിലും നമ്പർവൈസാണ്. അഥവാ യഥാർത്ഥ രീതിയിൽ അറിയുകയാണെങ്കിൽ ഒരിക്കലും ബാബയെ ഉപേക്ഷിക്കില്ല. ഇത് പഠിപ്പാണ്, ഭഗവാനാണ് പഠിപ്പിക്കുന്നത്. ഞാൻ നിങ്ങളുടെ അനുസരണയുള്ള സേവകനാണെന്ന് പറയുന്നു. ഡ്രാമയിൽ ബാബയുടെ പാർട്ട് തന്നെ ഇങ്ങനെയാണ്. പിന്നീട് എല്ലാവരെയും കൂടെ കൊണ്ടുപോകും. ശ്രീമതം അനുസരിച്ച് മുന്നേറി പിന്നീട് പാസ്സ് വിത്ത് ഓണറായി തീരണം. പഠിപ്പ് വളരെ സഹജമാണ്. ഏറ്റവും വൃദ്ധനായ ഈ ബാബയാണ് (ബ്രഹ്മാവ്) നിങ്ങളെ പഠിപ്പിക്കുന്നത്. ശിവബാബ പറയുന്നു ഞാൻ വൃദ്ധനല്ല. ആത്മാവിന് ഒരിക്കലും വയസ്സാകുന്നില്ല. ബാക്കി കല്ലുബുദ്ധിയാകുന്നു. എന്റേത് പവിഴബുദ്ധിയാണ്, അതുകൊണ്ടാണ് നിങ്ങളെ പവിഴബുദ്ധികളാക്കി മാറ്റാൻ വേണ്ടി ഞാൻ വരുന്നത്. അളവറ്റ തവണ നിങ്ങളെ പഠിപ്പിക്കുന്നുണ്ട്, എന്നിട്ടും മറന്നു പോകുന്നു. സത്യയുഗത്തിൽ ഈ ജ്ഞാനത്തിന്റെ ആവശ്യം തന്നെ വരുന്നില്ല. എത്ര നല്ല രീതിയിലാണ് ബാബ മനസ്സിലാക്കിത്തരുന്നത്. ഇങ്ങനെയുള്ള ബാബയോടാണ് വിട പറയുന്നത്. അതുകൊണ്ടാണ് , മഹാ വിഡ്ഢിയെ കാണണമെങ്കിൽ ഇവിടെ വന്ന് കാണൂ എന്ന് പറയുന്നത്. സ്വർഗ്ഗത്തിന്റെ സമ്പത്ത് തരുന്ന ബാബയെയാണ് ഉപേക്ഷിക്കുന്നത്. ബാബ പറയുന്നു, എന്റെ ശ്രീമതപ്രകാരം മുന്നേറുകയാണെങ്കിൽ അമരലോകത്തിൽ വിശ്വത്തിന്റെ മഹാരാജാ-മഹാറാണിയായിത്തീരും. ഇത് മൃത്യുലോകമാണ്. നമ്മൾ തന്നെയാണ് പൂജ്യ ദേവതകളായിരുന്നത് എന്ന് കുട്ടികൾക്കറിയാം. ഇപ്പോൾ നമ്മൾ എന്തായിത്തീർന്നിരിക്കുന്നു? പതിതരും, യാചകരുമായിരിക്കുകയാണ്. ഇനി നമ്മൾ വീണ്ടും രാജകുമാരനാവാൻ പോവുകയാണ്. എല്ലാവരുടെയും പുരുഷാർത്ഥം ഒരിക്കലും ഏകരസമായിരിക്കില്ല. ചിലർ ഇടയിൽ വച്ച് മുറിഞ്ഞുപോകുന്നു. ചിലർ കുലദ്രോഹികളായി മാറുന്നു.

ഇങ്ങനെയുള്ള കുലദ്രോഹികൾ ധാരാളമുണ്ട്. അവരോട് സംസാരിക്കുവാൻ പോലും പാടില്ല. ജ്ഞാനത്തിന്റെ കാര്യങ്ങളല്ലാതെ മറ്റെന്തെങ്കിലും ചോദിക്കുകയാണെങ്കിൽ മനസ്സിലാക്കിക്കൊള്ളൂ ഇവർ ചെകുത്താന്മാരാണ്. സത്സംഗം നക്ഷത്രങ്ങളോളം ഉയർത്തും, കുസംഗം നമ്മെ മുക്കിക്കളയുകയും ചെയ്യും. ആരാണോ ജ്ഞാനത്തിൽ സമർത്ഥശാലികൾ, ബാബയുടെ ഹൃദയത്തിൽ സ്ഥാനമുള്ളവർ അവരുമായി കൂട്ടുകൂടണം. അവർ നിങ്ങൾക്ക് ജ്ഞാനത്തിന്റെ മധുരമധുരമായ കാര്യങ്ങൾ കേൾപ്പിക്കും. ശരി.

മധുരമധുരമായ വളരെക്കാലത്തിനുശേഷം തിരികെ കിട്ടിയ സേവനയുക്തരും, വിശ്വസ്തരും ആജ്ഞാകാരികളുമായ കുട്ടികൾക്ക് മാതാവുംപിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛന്റെ നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1. ദേഹമില്ലാത്ത വിചിത്രനായ ബാബയെ മാത്രം സ്നേഹിക്കണം.മറ്റൊരു ദേഹധാരിയുടേയും പേരിലോ രൂപത്തിലോ ബുദ്ധി കുടുങ്ങിപ്പോകരുത്. മായയുടെ അടി ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണം.

2. ജ്ഞാനത്തിന്റെ കാര്യങ്ങളല്ലാതെ മറ്റെന്തെങ്കിലും കേൾപ്പിച്ചുതരുന്നവരുമായി കൂട്ടുകൂടരുത്. സമ്പൂർണ്ണ വിജയിയായി മാറാനുള്ള പുരുഷാർത്ഥം ചെയ്യണം. മുള്ളുകളെ പുഷ്പമാക്കി മാറ്റാനുള്ള സേവനം ചെയ്യണം.

### വരദാനം- ഒരു ബാബ രണ്ടാമതൊരാളില്ല എന്ന സ്മൃതിയിലൂടെ ബന്ധനമുക്തരും,യോഗയുക്തരുമായി ഭവിക്കട്ടെ.

ഇപ്പോൾ വീട്ടിലേക്ക് തിരിച്ചുപോകാനുള്ള സമയമാണ്. അതിനാൽ ബന്ധനമുക്തരും, യോഗയുക്തരുമായി മാറൂ. ബന്ധനമുക്തം അർത്ഥം അയഞ്ഞവസ്ത്രം, ഭാരമില്ലാത്ത വസ്ത്രം എന്നല്ല. ആജ്ഞ ലഭിച്ചു സെക്കന്റിൽ പോയി. ഇങ്ങിനെയുള്ള ബന്ധനമുക്തവും, യോഗയുക്തവുമായ സ്ഥിതിയെ പ്രാപ്തമാക്കുന്നതിനായി ഒരേയോരു ബാബ രണ്ടാമതൊരാളില്ല എന്ന ഈ വാഗ്ദാനം സ്മൃതിയിലുണ്ടാവണം. കാരണം വീട്ടിലേക്ക് പോകുന്നതിനായി അഥവാ സത്യയുഗീ രാജ്യത്തിൽ വരുന്നതിനായി ഈ പഴയശരീരത്തെ ഉപേക്ഷിക്കേണ്ടിവരും. അതിനാൽ,ഇങ്ങിനെയുള്ള എവർറെഡിയായി മാറിയിട്ടുണ്ടോ അതോ ഇപ്പോഴും കുറച്ച് ചരടുകളിൽ ബന്ധിക്കപ്പെട്ടിട്ടുണ്ടോ, ഈ പഴയ ഡ്രസ്സ് ടൈറ്റ് അല്ലല്ലോ എന്നെല്ലാം ചെക്ക് ചെയ്യൂ.

### സ്ലോഗൻ : വ്യർത്ഥ സങ്കൽങ്ങളുടെ രൂപത്തിലുള്ള അധികഭക്ഷണം കഴിക്കാതിരുന്നാൽ അമിതഭാരം കൊണ്ടുണ്ടാകുന്ന രോഗങ്ങളിൽ നിന്നും രക്ഷപ്പെടാം.

**അവ്യക്ത സൂചന- സത്യതയും ,സഭ്യതയുമാകുന്ന സംസ്ക്കാരങ്ങളെ തന്റേതാക്കി മാറ്റൂ.....**
ബാബക്ക് ഏറ്റവും പ്രിയമുള്ള കാര്യം സത്യതയാണ്.ഇതിനാലാണ് ഭക്തിയിൽപ്പോലും ഈശ്വരൻ സത്യമാണ്(ഗോഡ് ഈസ് ട്രൂത്ത്)എന്ന് പറയുന്നത്.ഏറ്റവും പ്രിയപ്പെട്ടത് സത്യതയാണ് എന്തെന്നാൽ ആരിലാണോ സത്യതയുള്ളത് അവരിൽ ശുദ്ധതയുണ്ടാകും.അവർ ക്ളീൻ ക്ലിയറായിരിക്കും.അതിനാൽ സത്യതയെന്ന വിശേഷതയെ ഒരിക്കലും കൈവിടരുത്.സത്യതയുടെ ശക്തി ലിഫ്റ്റിന്റെ ജോലിയാണ് ചെയ്യുക.